http://www.kuhs.ac.in Document 2020/37567/1 - Circular - File No. 2020/19996/1
QGJHF-IFE-QYRV-hbcI Approved by Regr on 06/11/2020 15:21:59
KUHS, Thrissur

# കേരള ആരോഗ്യശാസ്ത്ര സർവകലാശാല

## വിദ്യാർത്ഥികാര്യ ഡീനിൻ്റെ കാര്യാലയം

നമ്പർ : 19996/കെ ആ സ / ഡീൻ(എസ് എ)/ എ 2 /2020 തിയ്യതി: 06-11-2020

**പരിപത്രം**

വിഷയം: കെ.ആ.സ.-ഡീൻ(എസ് എ)- സ്വാശ്രയഫാർമാസി കോളേജിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിൽ വീഴ്ച വന്നത് - ആക്ഷേപം കണക്കിലെടുത്ത്-കർശന നിർദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 1. സി സി ഐ എം സെക്രട്ടറിയുടെ 30.04.2020 തിയ്യതിയിലെ 20 -5 / 2020 - CCIM(PMRF) നമ്പറിലുള്ള സർക്കാരിൻറ്റെ കത്ത്

2. ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ 20.04.2020 തീയ്യതിയിലെ 14-3/2019-PCI നമ്പറിലുള്ള കത്ത്

3.സർവകലാശാലയുടെ 23.06.2020 ലെയും 19 .8 .2020 ലെയും 12181/ Regr's Office/Kuhs/ 2020 എന്ന നമ്പറിലുള്ള കത്തുകൾ

കോവിഡ് പകർച്ചവ്യാധിയുടെ കാലഘട്ടത്തിൽ ഫാർമസി കൗൺസിലിന്റെയും സർക്കാരിന്റെയും നിർദേശങ്ങൾ അനുസരിച്ച ജീവനക്കാരുടെ ശമ്പളം പൂർണമായും നല്കിയിരിക്കണമെന്ന് സൂചന 3 ലെ കത്തിലൂടെ എല്ലാ കോളേജുകൾക്കും നിർദേശം നല്കിയിട്ടുണ്ടായിരുന്നു. എന്നാൽ സ്വാശ്രയ ഫാർമസി കോളേജുകളിൽ പലതും ഈ നിർദേശങ്ങൾ ലംഘിക്കുന്നതായും, കോളേജ് അദ്ധ്യാപകരുടെ ശമ്പളം പൂർണമായും നൽകാത്തതായും ആക്ഷേപം ഉന്നയിച്ചുകൊണ്ട് സർവ്വകലാശാലയിൽ വളരെ അധികം പരാതികൾ ലഭിക്കുന്നുണ്ട്. കോളേജ് അധികൃതരുടെ ഭാഗത്തുനിന്നും ഉള്ള ഇത്തരം പ്രവർത്തികൾ സർവ്വകലാശാല ഗൗരവമായി വീക്ഷിക്കുന്നു.

സർവ്വകലാശാലയുടെ കീഴിൽ ഉള്ള എല്ലാ സ്വാശ്രയ ഫാർമസി കോളേജുകളും ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെയും സർവ്വകലാശാലയുടെയും മേൽ പരാമർശിച്ച നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും, അദ്ധ്യാപകർക്ക് അർഹതപ്പെട്ട പൂർണ ശമ്പളം സാലറി സ്ലിപ്പ് സഹിതം നൽകേണ്ടതും ആണ്.

മേലിൽ ഇത്തരം വീഴ്ചകൾ സർവ്വകലാശാലയിൽ അഫിലിയേഷൻ നേടിയിട്ടുള്ള സ്വാശ്രയ കോളേജ് അധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടായതായി പരാതി ലഭിക്കുക ആണെങ്കിൽ പ്രസ്തുത കോളേജിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടി വരുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു .

**രജിസ്ട്രാർ**

സ്വീകർത്താവ്

1.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, (ആമുഖ കത്ത് സഹിതം)
2. എല്ലാ സ്വാശ്രയ ഫാർമസി കോളേജുകൾക്കും

പകർപ്പ്

വൈസ് ചാൻസലറുടെ പി എ / പ്രൊ വൈസ് ചാൻസലറുടെ പി എ / രജിസ്ട്രാറുടെ പി എ/ ജോയിന്റ്റജിസ്ട്രാർ (അക്കാഡമിക്)/ ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാഡമിക്)/ അക്കാഡമിക് (ഫാർമസി സെക്ഷൻ)/അധികം–1

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Document 2020/37567/1 - Circular - File No. 2020/19996/1
Approved by Regr on 06/11/2020 15:21:59
http://www.kuhs.ac.in
QGJHF-IFE-QYRV-hbcI
KUHS, Thrissur